Mathrubhumi 28-11-18, P-04

# വീട്ടിലൊരു കറ്റാർവാഴ

**ദഹനസംബന്ധമായ രോഗങ്ങൾ, ഗർഭാശയരോഗങ്ങൾ, വാതം, കഫം, ചർമരോഗങ്ങൾ, തീപൊള്ളിയ വ്രണങ്ങൾ എന്നിവയ്ക്കെല്ലാം കറ്റാർവാഴ ഔഷധമാണ്.**

**ഡോ. ജലജ എസ്. മേനോൻ**

ധാരാളം ജീവകങ്ങളും ധാതുക്കളും അടങ്ങിയ കറ്റാർവാഴയുടെ ഇലകൾ മറുനാട്ടിലെ നാട്ടുചന്തകളിൽ സുലഭമായിക്കഴിഞ്ഞു. ദഹനസംബന്ധമായ രോഗങ്ങൾ, ഗർഭാശയരോഗങ്ങൾ, വാതം, കഫം, ചർമരോഗങ്ങൾ, തീപൊള്ളിയ വ്രണങ്ങൾ എന്നിവയ്ക്കെല്ലാം കറ്റാർവാഴ ഔഷധമാണ്.

ഇതിൻെറ ഇലയുടെ തൊലിനീക്കി ഉള്ളിലുള്ള നേർത്ത മാംസളമായ ഭാഗമാണ് ജ്യൂസിനും അച്ചാറിനും ചമ്മന്തിക്കുംവരെ ഉപയോഗിക്കുന്നത്. കറ്റാർവാഴനീരും നാരങ്ങയും ഇഞ്ചിയും ചേർത്ത ജ്യൂസും സ്ക്വാഷും കുളിർമയേകുന്ന ആരോഗ്യപാനീയങ്ങളാണ്. കയ്പുരസം അഥവാ കനപ്പ് പലപ്പോഴും ഇതിനെ ഭക്ഷ്യയോഗ്യമല്ലാതാക്കുന്നു. കറ്റാർവാഴയുടെ ഇലച്ചാറ് ഉണക്കിപ്പൊടിച്ചെടുക്കുന്നതാണ് കയ്പിൻെറ പ്രതീകമായി പറയുന്ന 'ചെന്നിനായകം'.

## കുമാരിപത്രം

നാഷണൽ ബ്യൂറോ ഓഫ് പ്ലാൻറ് ജനിറ്റിക്സ് ആൻഡ് റിസോഴ്സ് അഥവാ എൻ.ബി.പി.ജി.ആർ. എന്ന കേന്ദ്രസ്ഥാപനം മധ്യപ്രദേശിലെ നർമദാനദീ തീരത്തുനിന്ന് കയ്പുരസം കുറഞ്ഞ ഒരു കറ്റാർവാഴ ഇനം കണ്ടെത്തുകയും 'കുമാരിപത്രം' എന്ന പേരിൽ ഇവിടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സാധാരണ കറ്റാർവാഴയേക്കാൾ കയ്പുരസം കുറവായതിനാൽ രുചിയിലും മെച്ചപ്പെട്ടതാണ്. അതുകൊണ്ടുതന്നെ വീട്ടുപയോഗത്തിന് അനുയോജ്യമായ ഒരിനവുമാണ്.



## കൃഷിരീതി

ഏതുതരം മണ്ണിലും പരിമിതമായ പരിചരണത്തിൽ വളർത്തിയെടുക്കാം. വേരുപടലം ഉപരിതലത്തിലായതിനാൽ നീർവാർച്ച ഉറപ്പാക്കണം. തണലിൽ വളരുന്നവയാണെങ്കിലും സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലങ്ങളിലാണ് മെച്ചപ്പെട്ട വളർച്ച കാണാറുള്ളത്. ചിനപ്പുകൾ അഥവാ ഇളപ്പുകളാണ് നടാൻ ഉപയോഗിക്കുന്നത്.

ഒരുചെടിയിൽനിന്ന് കുറച്ച് ചിനപ്പുകൾ മാത്രമേ ലഭിക്കുകയുള്ളൂവെന്നതിനാൽ ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യയിലൂടെ ദ്രുതപ്രവർധനമാർഗങ്ങൾ അവലംബിച്ച് തൈകൾ ഉണ്ടാക്കുന്നതിനുള്ള രീതി കാർഷികസർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉത്പാദിപ്പിച്ച മൂന്നുമാസം പ്രായമായ കൂടത്തൈകൾ നടാം. ഉയർന്ന തടത്തിലോ വാരത്തിലോ ഒന്നരയടി അകലത്തിൽ തൈകൾ നടാം. വീട്ടാവശ്യത്തിനാണെങ്കിൽ ഇടത്തരം ചട്ടിയിലോ പോളിത്തീൻ കവറിലോപോലും നടാം.

തൈ ആറുമാസം പ്രായമാകുന്നതോടെ ഇലപ്പോളകൾ മുറിച്ചെടുക്കാം. മൂന്നുവർഷത്തോളം ഈ രീതിയിൽ ഇല ശേഖരിക്കാം.

മൂന്നുമാസം പ്രായമായ ടിഷ്യൂകൾച്ചർ കറ്റാർവാഴത്തൈ തൃശ്ശൂർ കാർഷിക സർവകലാശാലാ ആസ്ഥാനത്തുള്ള തോട്ടസുഗന്ധവിള നഴ്സറിയിൽ 15 രൂപയ്ക്ക് ലഭിക്കും. ഫോൺ: 9446141724.

**(കേരള കാർഷിക സർവകലാശാലയിലെ അസിസ്റ്റൻറ് പ്രൊഫസറാണ് ലേഖിക )**